## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5840.** **02.07.2019 ൽ മറുപടിയ്ക്ക്**

## മയക്കുമരുന്ന് കേസിലെ തൊണ്ടിമുതലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മയക്കുമരുന്ന് കേസിലെ തൊണ്ടിമുതലുകൾ നശിപ്പിക്കുന്നതിനുള്ള നടപടിക്രമം എന്താണ് എന്ന് വെളിപ്പെടുത്തുമോ; | (എ) | 1985 ലെ NDPS Act, സെക്ഷൻ 52 A പ്രകാരമുള്ള ചട്ടങ്ങൾ പാലിച്ചാണ് നിലവിൽ മയക്കുമരുന്ന് കേസിലെ തൊണ്ടി മുതലുകൾ നശിപ്പിക്കുന്നത്. ആയതിന്റെ ഭാഗമായി, മജിസ്ട്രേറ്റ് നിയമാനുസരണം സാക്ഷ്യപ്പെടുത്തിയ ഇൻവന്ററി പ്രകാരമുള്ള തൊണ്ടിവകകൾ നശിപ്പിക്കുന്നതിലേക്കായി ഓരോ എക്സൈസ് ഡിവിഷനിലും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ, അസി. എക്സൈസ് കമ്മീഷണർ, എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെട്ട ഡിസ്പോസൽ കമ്മറ്റി നിലവിലുണ്ട്. ഓരോ മാസവും ഡിസ്പോസൽ കമ്മറ്റി ചേരുകയും നശിപ്പിക്കേണ്ട മയക്കുമരുന്നുകൾ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| (ബി) | പ്രസ്തുത കേസുകളിലെ തൊണ്ടിമുതലുകൾ നശിപ്പിക്കാതെ എക്സൈസ് ഓഫീസുകളിൽ നശിപ്പിച്ചതായി രേഖപ്പെടുത്തി കോടതികളെ കബളിപ്പിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കൂടുതൽ കേസുകൾ പിടിച്ചുവെന്ന് രേഖയുണ്ടാക്കുവാൻ, നശിപ്പിക്കാത്ത | (സി) | കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | മയക്കമരുന്നും മറ്റും പുതിയ കേസുകളിൽ തൊണ്ടിയായി കാണിച്ച് പ്രതികളെ കിട്ടിയില്ലായെന്ന് റിപ്പോർട്ട് തയ്യാറാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | | |
| (ഡി) | ഇത് സംബന്ധിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയോ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്താണ് എന്ന് വെളിപ്പെടുത്തുമോ? | (ഡി) | ബാധകമല്ല |

**സെക്ഷൻ ഓഫീസർ**